# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏഴംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA/P10/937/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/10/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA/P10/937/22 തീയ്യതി: 28/10/2022

## പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 20-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മരുൺ മാത്യു., ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ പി.അനിൽ കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഹരികുമാർ എസ്., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ആശ വി.എസ്. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ വിനോദ് കുമാർ റ്റി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീലത എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 02-07-2021 |
| ശ്രീ വിശ്വരാജ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 03-07-2021 | 24-01-2022 |
| ഡോ.ശ്രീകല എം | അസിസ്റ്റന്റ് സെക്രട്ടറി | 27-01-2022 | 31-03-2022 |
| ശ്രീമതി ജയ വി എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി തുളസീബായി | ഹെഡ് മിസ്സ്ട്രസ് | 01-04-2021 | 31-03-2022 |
| ഡോ.ശ്രീജിത്ത് ബാബു | മെഡിക്കൽ ഓഫീസർ (PHC) | 01-04-2021 | 31-03-2022 |
| ഡോ.അസിത | മെഡിക്കൽ ഓഫീസർ (ISM) | 01-04-2021 | 31-03-2022 |
| ഡോ.രജനി ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു പി ആർ | കൃഷി ഓഫീസർ | 01-04-2021 | 30-09-2021 |
| ശ്രീമതി പ്രിയങ്ക എസ് ചന്ദ്രൻ | കൃഷി ഓഫീസർ | 01-10-2021 | 01-02-2022 |
| ശ്രീമതി ഷേർളി തോമസ് | കൃഷി ഓഫീസർ | 02-02-2022 | 31-03-2022 |
| ശ്രീ റാഫി എം.എം. | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-08-2021 |
| ശ്രീമതി പ്രീത എസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-09-2021 | 31-03-2022 |
| ശ്രീമതി രജിത ആർ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. നിഷ എസ്.പി. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ വിനയകുമാർ | വി.ഇ.ഒ. | 01-04-2021 | 16-08-2021 |
| ശ്രീ സഫീന | വി.ഇ.ഒ. | 17-08-2021 | 09-09-2021 |
| ശ്രീ അനീഷ്കുമാർ | വി.ഇ.ഒ. | 10-09-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Audit Officer, On 24-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Marun Mathew (Audit Officer, On 26-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Marun Mathew (Audit Officer, On 25-08-2022)<br>Last Updated By: Johncy John (Computer Assistant, On 21-10-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Marun Mathew (Audit Officer, On 25-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Marun Mathew (Audit Officer, On 11-10-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Marun Mathew (Audit Officer, On 25-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-10-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Audit Officer, On 25-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Marun Mathew (Audit Officer, On 25-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Marun Mathew (Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-10-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Marun Mathew (Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-10-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Marun Mathew (Audit Officer, On 26-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-10 |
| 12 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു<br>Written By: Marun Mathew (Audit Officer, On 26-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-10-2022) | 1-11 |
| 13 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.<br>Written By: Harikumar.S (Auditor, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-12 |
| 14 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-13 |
| 15 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Harikumar.S (Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-10-2022) | 1-14 |
| 16 | വാടക പിരിവിലെ അപാകതകൾ<br>Written By: Harikumar.S (Auditor, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-15 |

| | | |
|---|---|---|
| 17 | പി.ഡബ്ല്യൂ.ഡി. നിരക്കിൽ വാടക നിശ്ചയിച്ചതു മൂലം പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Harikumar.S (Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 07-10-2022) | 1-16 |
| 18 | വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല.<br>Written By: Harikumar.S (Auditor, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-17 |
| 19 | സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്കും വസ്തു നികുതി ഇളവ് അനുവദിച്ചു<br>Written By: Harikumar.S (Auditor, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-18 |
| 20 | പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല<br>Written By: Marun Mathew (Audit Officer, On 30-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-19 |
| 21 | സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പ് മുഖേനയല്ലാതെ ഓഫീസ് വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കി<br>Written By: Lekha Janardhanan (Senior Grade Auditor, On 27-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-20 |
| 22 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് - പ്രാവർത്തികമായില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 27-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-21 |
| 23 | വെള്ളക്കരം - ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 27-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-22 |
| 24 | മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല.<br>Written By: Lekha Janardhanan (Senior Grade Auditor, On 27-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-23 |
| 25 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച്<br>Written By: Lekha Janardhanan (Senior Grade Auditor, On 27-08-2022)<br>Last Updated By: Johncy John (Computer Assistant, On 21-10-2022) | 1-24 |
| 26 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Marun Mathew (Audit Officer, On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-10-2022) | 1-25 |
| 27 | എബിസി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Marun Mathew (Audit Officer, On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-10-2022) | 1-26 |
| 28 | നിക്ഷേപ വേലകൾക്ക് നൽകിയ മുൻകൂർ - വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല<br>Written By: Marun Mathew (Audit Officer, On 30-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-27 |
| 29 | അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി<br>Written By: P Anilkumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-10-2022) | 1-28 |
| 30 | ഐസിഡിഎസ് സൂപ്പർവൈസറുടെ പ്രോജക്ടുകൾ - നിർവ്വഹണം സുതാര്യമല്ല<br>Written By: P Anilkumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-29 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അവശേഷിച്ച തുക തിരിച്ചടച്ചില്ല<br>Written By: P Anilkumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-30 |
| 32 | അഗതിരഹിത കേരളം പദ്ധതി നടത്തിപ്പ് പരാജയം<br>Written By: P Anilkumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-31 |

| | | |
|---|---|---|
| 33 | ലൈഫ് ഭവനപദ്ധതി - പൂർത്തീകരണം നിരീക്ഷിക്കുന്നില്ല<br>Written By: P Anilkumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-10-2022) | 1-32 |
| 34 | ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ - സർക്കാർ ഉത്തരവ് നടപ്പിലാക്കിയില്ല<br>Written By: P Anilkumar (Senior Grade Auditor, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-10-2022) | 1-33 |
| 35 | ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-34 |
| 36 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് നിർവ്വഹണം - പൊതുവായ അപാകതകൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 27-10-2022) | 1-35 |
| 37 | മരണപ്പെട്ടവർക്കും ക്ഷേമപെൻഷൻ - പൊതു ഖജനാവിന് നഷ്ടമായത് 11.24 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-10-2022) | 1-36 |
| 38 | മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തില്ല-ബാങ്കുകളിൽ ശേഷിക്കുന്നത് ലക്ഷങ്ങൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-37 |
| 39 | പരേതർക്കും കർഷക പെൻഷൻ<br>Written By: Suryaprabha P.C (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-38 |
| 40 | കമ്മിറ്റി അംഗീകരിച്ച എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ അനുവദിച്ചിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 31-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-39 |
| 41 | എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് ഉപയോഗപ്പെടുത്തുന്നില്ല-5.6 ലക്ഷം രൂപയുടെ ചെലവ് പ്രയോജന രഹിതമായി<br>Written By: Suryaprabha P.C (Asst. Audit Officer, On 01-09-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lekha Janardhanan (Senior Grade Auditor, On 26-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P Anilkumar (Senior Grade Auditor, On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Marun Mathew (Audit Officer, On 26-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Marun Mathew (Audit Officer, On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപം<br>Written By: Marun Mathew (Audit Officer, On 30-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Marun Mathew (Audit Officer, On 26-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Lekha Janardhanan (Senior Grade Auditor, On 26-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Marun Mathew (Audit Officer, On 26-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lekha Janardhanan (Senior Grade Auditor, On 29-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 25-08-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-10-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.02.2021ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് 19.03.2022 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിലെ വസ്തു നികുതി (കറന്റ്), അരിയർ ഇനത്തിലെ കളക്ഷൻ, ബാലൻസ് എന്നിവ വാർഷികധനകാര്യ പത്രികയിലെ ഈ ഇനത്തിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിലായി ലഭിച്ചതിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) ഷെഡ്യൂൾ B-18:- Advance To KWA, Advance To KSEB, Advance ഡെപ്പോസിറ്റ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി, ഡെപ്പോസിറ്റ് പബ്ലിക് വർക്ക് ഡിപാർട്ട്മെന്റ് Advance To Others എന്നീ ഹെഡുകളിൽ യഥാക്രമം 1,42,16,636 രൂപ, 1,47,62,178 രൂപ, 15,500 രൂപ, 5,80,000 രൂപ, 14,85,928 രൂപ വീതം ബാലൻസ് ഉണ്ട്. മേൽ ഏജൻസികൾ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റിയിട്ടില്ല.

4) ഷെഡ്യൂൾ I-14 (A):-NREGA ചെലവ് തുക- ഷെഡ്യൂൾ I-6 -ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5) വികസന ഫണ്ട് (ജനറൽ, എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, റോഡിതര സംരക്ഷണ ഗ്രാന്റ് എന്നിവയിലെ വരവ് ചെലവ് തുകകൾ വാർഷിക കണക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6) ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഷെഡ്യൂൾ I-17 (A) പ്രകാരമുള്ള 64,64,616 രൂപയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7) പ്രയർ പീരിയഡ് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഷെഡ്യൂൾ I-18 പ്രകാരമുള്ള 5,49,210 രൂപയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

8) ഷെഡ്യൂൾ ബി3 : ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

9) ഷെഡ്യൂൾ B11:- ആസ്തി രജിസ്റ്റർ കൃത്യമായി അപ്ഡേറ്റ് ചെയ്യാത്തതിനാൽ സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമാണോ എന്നത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

10) ഷെഡ്യൂൾ B4 - ഹെഡ് നം 320200322 - ശുചിത്വ മിഷൻ ഗ്രാന്റ് എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 8819268 രൂപയിൽ സ്വച്ഛഭാരത് – 19,39,864 രൂപ, പെർഫോമൻസ് ഗ്രാന്റ് – 23,34,584 രൂപ പ്രീമൺസൂൺ – 2,00,000 രൂപ ഒഡി എഫ് – 41,82,000 രൂപ എന്നീ ഇനങ്ങളിൽ ഉള്ളതാണ്. 162820 ഏതിനത്തിലുള്ള തുകയാണെന്ന് വ്യക്തമല്ല.

11) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം ഫിക്സ്ഡ് ഡെപ്പോസിറ്റ് ഇൻവെസ്റ്റ്മെന്റ് 1,08,00,000 രൂപയാണ്. എന്നാൽ ഫിക്സ്ഡ് ഡെപ്പോസിറ്റ് റസീറ്റ് പരിശോധിച്ചതിൽ 31.03.2022 ലെ ഫിക്സ്ഡ് ഡെപ്പോസിറ്റ് ഇൻവെസ്റ്റ്മെന്റ് 1,15,29,000 രൂപയാണ്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18511225 |
| വരവ് | 127922045 |
| ആകെ | 146433270 |
| ചെലവ് | 112991945 |

| | |
|---|---|
| നീക്കിയിരിപ്പ് | 33441325 |

## 1-4 ഗ്രാന്റ് വിനിയോഗം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20481944 | 20481944 | 18940819 | 1541125 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11450351 | 11450351 | 9955236 | 1495115 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC – Basic Grant) | 0 | 5977704 | 5977704 | 4787879 | 1189825 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC – Tied) | 0 | 11441349 | 11441349 | 7512388 | 3928961 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 15779000 | 15779000 | 11655436 | 4123564 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 0 | 7730137 | 7730137 | 4426359 | 3303778 |
| ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 2125863 | 1196307 | 3322170 | 814107 | 2508063 |
| സ്വച്ഛ ഭാരത് + ഒ ഡി എഫ് | 6121864 | – | 6121864 | 2025150 | 4096714 |
| പെർഫോമൻസ് ഗ്രാന്റ് | 2334584 | – | 2334584 | 1710126 | 624458 |
| പൈക | 46633 | 0 | 46633 | 0 | 46633 |
| ശുചിത്വമിഷൻ ഗ്രാന്റ് | – | 200000 | 200000 | 200000 | – |
| വിമുക്തി | 50500 | 0 | 50500 | 0 | 50500 |
| പ്രീമൺസൂൺ സാനിറ്റേഷൻ | 200000 | – | 200000 | 200000 | – |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 15035 | 0 | 15035 | 0 | 15035 |
| ഐ.സി.ഡി.പി. ഡയറി | 134259 | 0 | 134259 | 0 | 134259 |
| ലൈബ്രറി ഗ്രാന്റ് | 419 | – | 419 | – | 419 |
| കില ട്രൈനിംഗ് | – | 12303 | 12303 | 11777 | 526 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക തയ്യാറാക്കിയതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

| വിഭാഗം | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 20481944 | 17416067 | 3065877 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ 14,01,600 രൂപ ലൈഫ് മിഷൻ വായ്പ തിരിച്ചടവ് 11,73,333 എന്നിവ ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. സ.ഉ.സാധാ നം.2617/22 ധന തീയതി 31.03.2022 പ്രകാരം അനുവദിച്ച 490944 ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| എസ്.സി.പി | 10540333 | 11450351 | 910018 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് 498667 രൂപ GO(Rt.) നം.2617/22 ധന തീയതി 31.03.2022 പ്രകാരം അനുവദിച്ച 411351 എന്നിവ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 7601306 | 7730137 | 128831 | സ.ഉ.(സാധാ) നം.2617/22 ധന തീയതി 31.03.2022 പ്രകാരം അനുവദിച്ച 128831 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 16132494 | 24716000 | 8583506 | സ.ഉ.സാധാ നം.1345/22 ധന തീയതി 26.02.2022 പ്രകാരം തിരിച്ച പിടിച്ച 8937000 വരവിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. G.O.(Rt.2617/2022 തീയതി 31.03.2022 പ്രകാരം 3,53,494 രൂപ അനുവദിച്ചത് വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി ചെലവ് ശതമാനം |
|---|---|---|---|---|---|
| 251 | 132662159 | 189 | 74782683 | 62 | 56.37 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 419 | 1458066 | 1458485 | 1453140 | 5345 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 68672655 | 68672655 | 68672655 | 0 |
| ആകെ | 419 | 70130721 | 70131140 | 70125795 | 5345 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 251 | 3760900 |
| 2 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 454 | 7101600 |
| 3 | വാർധക്യകാല പെൻഷൻ | 3732 | 50931400 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 66 | 917700 |

| | | | |
|---|---|---|---|
| 5 | വിധവാ പെൻഷൻ | 1309 | 19774500 |
| 6 | തൊഴിൽ രഹിത വേതനം | 44 | 49560 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1 | 30000 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 31-08-2022, 11.20 A.M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 19622 (പത്തൊൻപതിനായിരത്തി അറുനൂറ്റി ഇരുപത്തിരണ്ട്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഭൂരിഭാഗം രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 മുതൽ 13.09.2018 വരെ | 2013-2014 To 2017-2018 | 23.10.2018 |
| പെർഫോമൻസ് ഓഡിറ്റ് | 20.06.2022 – 21.06.2022 | 01/2022 - 03/2022 | 12.07.2022 |

## 1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2022-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100121 | 2508063 |
| 2 | 320200104 | 3397556 |
| 3 | 320200305 | 46633 |
| 4 | 320200308 | 419 |
| 5 | 320200311 | 15035 |
| 6 | 320200322 | 4883992 |
| 7 | 320300199 | 134785 |
| 8 | 320700204 | 772506 |
| 9 | 320700205 | 62326 |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കി ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്ന മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്വകാര്യ സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ലൈസൻസ് നേടിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടായി. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില പൊതുമേഖലാ/സ്വകാര്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | സ്ഥാപന തൊഴിൽ നികുതി ഈടാക്കാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | നീമ ബാങ്കേഴ്സ്, ഏനാത്ത് | 2nd |
| 2 | എസ്.എസ്.മോട്ടോഴ്സ്, ഏനാത്ത് | 2nd |
| 3 | ഏനാത്ത് എസ്.സി.ബി. | 1st & 2nd |
| 4 | എസ്.സി.ബി. പറക്കോട് | 2nd |
| 5 | എസ്.സി.ബി.പറക്കോട്, തൊട്ടുവക്കാട് ബ്രാഞ്ച് | 1st & 2nd |
| 6 | എസ്.ബി.ഐ. ഏനാത്ത് | 1st |
| 7 | കേച്ചേരി ചിട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | 1st & 2nd |
| 8 | ചൂണ്ടമണ്ണിൽ ഫിനാൻസ് | 1st & 2nd |
| 9 | നെടുമൺ എസ്.സി.ബി. | 1st |
| 10 | കേരള ബാങ്ക്, ഏനാത്ത് | 1st |
| 11 | മണപ്പുറം ഫിനാൻസ്, ഏനാത്ത് | 1st |
| 12 | പി.എൻ.വൈ സുധാ ഫിനാൻസ്, ഏനാത്ത് | 2nd |
| 13 | മണപ്പുറം ഫിനാൻസ്, ഏഴംകുളം | 1st |
| 14 | മുത്തൂറ്റ് ഫിനാൻസ്, ഏനാത്ത് | 1st & 2nd |
| 15 | ഡി.ഡി.ആർ.സി. ഏനാത്ത് | 1st & 2nd |
| 16 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | 1st |
| 17 | റേഷൻ കടകൾ | 1st & 2nd |
| 18 | ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ | 1st & 2nd |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ | സ്ഥാപനത്തിന്റെ വിവരങ്ങൾ | ജീവനക്കാരുടെ |
|---|---|---|

| നം. | | തൊഴിൽ നികുതി ഈടാക്കാനുള്ള അർദ്ധവർഷം |
|---|---|---|
| 1 | നാഷണൽ സെൻട്രൽ സ്കൂൾ, ഏഴംകുളം | 2nd |
| 2 | എസ്.എസ്.മോട്ടോഴ്സ്, ഏനാത്ത് | 2nd |
| 3 | അഗ്നി ഫ്യൂവൽസ്, ഏനാത്ത് | 2nd |
| 4 | പോലീസ് സ്റ്റേഷൻ, ഏനാത്ത് | 2nd |
| 5 | കേച്ചേരി ചിറ്റ്സ് പ്രൈ. ലിമിറ്റഡ് | 2nd |
| 6 | പി.എൻ.എം. പബ്ലിക്ക് സ്കൂൾ, ഏഴംകുളം | 2nd |
| 7 | ആർഷ വിദ്യാ ജ്യോതി പബ്ലിക്ക് സ്കൂൾ, നെടുമൺ | 2nd |
| 8 | ഫാമിലി വെൽഫെയർ സെന്റർ, ഏഴംകുളം | 2nd |
| 9 | എസ്.എൻ.ഐ.ടി. തേപ്പുപാറ | 2nd |
| 10 | ഫോക്കസ് പാർട്ട്സ് മാർട്ട് ലിമിറ്റഡ്, കോട്ടമുകൾ | 1st |
| 11 | വി.ഇ.ഒ. ഓഫീസ്, ഏഴംകുളം | 2nd |
| 12 | താന്നിയ്ക്കൽ റസ്റ്റോറന്റ് & ബേക്കേഴ്സ്, 20/765, 783 | 1st & 2nd |
| 13 | താന്നിയ്ക്കൽ ബേക്കേഴ്സ് , 20/388, 890 | 1st & 2nd |
| 14 | ദേവി ഇലക്ട്രിക്കൽസ് & ഏജൻസീസ്, ഏനാത്ത് | 1st & 2nd |
| 15 | ദേവി ടൈൽസ് & ഗ്രാനൈറ്റ്സ്, 14/210, 438, 794 | 1st & 2nd |
| 16 | കൈനിക്കര ബജാജ്, 17/81, 82, 83 | 1st & 2nd |
| 17 | റ്റി.എസ്.എ. ഗ്രാനൈറ്റ്സ് & ക്രഷർ, 15/286, 577 | 1st & 2nd |
| 18 | കെ.ജെ. സൂപ്പർ മാർക്കറ്റ്, 12/919, 920 | 1st & 2nd |
| 19 | ജെ.ജെ. ഡിസൈനർ ടൈൽസ് & ബ്രിക്ക്സ്, 15/636, 637 | 1st & 2nd |
| 20 | ലക്ഷ്മി ഏഡിബിൾസ് & ഡ്രിങ്ക്സ്, ഏനാത്ത്, 14/758 | 1st & 2nd |
| 21 | യൂണീക്ക് സിസ്റ്റംസ്, 14/715 | 1st & 2nd |
| 22 | വൈദ്യരത്നം ഔഷധശാല പ്രൈവറ്റ് ലിമിറ്റഡ്, 17/748 | 1st & 2nd |
| 23 | ശില്പ ജ്യൂവലേഴ്സ്, 12/997, 998, 999 | 1st & 2nd |
| 24 | മലബാർ ഹോട്ടൽ, 14/86, 86-B | 1st & 2nd |
| 25 | ഏനാത്ത് ഫിഷ് പോയിന്റ്, 14/227 | 1st & 2nd |
| 26 | ദേവി ഏജൻസീസ്, 20/778, 779, 780, 781, 796, 797 | 1st & 2nd |
| 27 | എസ്.ജി.ഫുഡ് പ്രോഡക്ട്സ്, 18/532 | 1st & 2nd |
| 28 | സഹകാരി ലാഭം സൂപ്പർമാർക്കറ്റ്,ഏഴംകുളം | 1st & 2nd |
| 29 | മിഡ്സ് ഡിസൈൻസ്, 14/980 | 1st & 2nd |
| 30 | കാരുണ്യ ഇൻഡസ്ട്രീസ് & റോളിംഗ് ഷട്ടേഴ്സ്, 16/341 | 1st & 2nd |
| 31 | ശ്രീഗണേശ് ഫുഡ് പ്രോഡക്ട്സ്, 18/548 | 1st & 2nd |
| 32 | സലാം ഹാർഡ്‌വെയേഴ്സ്, 12/952 | 1st & 2nd |
| 33 | പറക്കോട് എസ്.സി.ബി. നീതി മെഡിക്കൽ സ്റ്റോർ | 1st & 2nd |
| 34 | എം.എം.എസ്. വെജിറ്റബിൾസ്, 14/879 | 1st & 2nd |
| 35 | ഹോളിമാതാ ഫാബ്രിക്കേറ്റേഴ്സ്, 9/583 | 1st & 2nd |

| | | |
|---|---|---|
| 36 | ട്രാൻസ് മോട്ടോഴ്സ്, റ്റി.വി.എസ്. ഷോറൂം, 17/17 | 1st & 2nd |
| 37 | എല്ലാസ് ബ്യൂട്ടി ലോഞ്ച് & ഫിറ്റ്നസ് സെന്റർ, 17/80, 609 | 1st & 2nd |
| 38 | റേഷൻ കടകൾ | 1st & 2nd |
| 39 | ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ | 1st & 2nd |
| 40 | ഫ്യൂഷൻ ബേക്കേഴ്സ് & റസ്റ്റോറന്റ്, 20/820 | 1st & 2nd |

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും 2021-22 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | എ.വി.ജി.മോട്ടോഴ്സ് |
| 2 | ബെതേൽ ഡെന്റൽ ക്ലിനിക്ക് |
| 3 | മിസ്പാ പോളി ഡെന്റൽ ക്ലിനിക്ക് |
| 4 | നന്ദനം സ്പെഷ്യാലിറ്റി ക്ലിനിക്ക്, എനാത്ത് |
| 5 | പ്രണവ് ഹോസ്പിറ്റൽ, ഏനാത്ത് |
| 6 | ഡി.ഡി.ആർ.സി., ഏനാത്ത് |
| 7 | മെഡ്ലൈറ്റ് ലബോറട്ടറി, ഏഴംകുളം |
| 8 | ഡോക്ടേഴ്സ് പെന്റാ ഡയഗണോസ്റ്റിക്സ്, ഏനാത്ത് |
| 9 | ഏനാത്ത് മെഡിക്കൽ സെന്റർ |
| 10 | വി കെയർ ഡെന്റൽ ക്ലിനിക്കൽ ലബോറട്ടറി, കൈതപ്പറമ്പ് |
| 11 | മൈക്രോ കെം ഡയഗണോസ്റ്റിക്സ്, നെടുമൺ |
| 12 | മാത്തിവിളയിൽ ഡെന്റൽ കെയർ, ഏനാത്ത് |
| 13 | ഡോ. ജ്യോൽസന ഡെന്റൽ കെയർ, നെടുമൺ |
| 14 | ഡോ. സതീശൻ ബി., ഹോമിയോ ക്ലിനിക്ക് |
| 15 | ലക്ഷ്മി ഡെന്റൽ കെയർ, ഏനാത്ത് |
| 16 | നോവാ ഡയഗണോസ്റ്റിക് സെന്റർ |
| 17 | ജയാ ഡെന്റൽ ക്ലിനിക്ക് |
| 18 | ഡോ.വിജയൻസ് ക്ലിനിക്കൽ ലബോറട്ടറി, ഏനാത്ത് |
| 19 | എംസൺ ഓഡിറ്റോറിയം |
| 20 | റേഷൻ കടകൾ |
| 21 | ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ |

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ

മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. 1997-ലെ കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും 2021-22 വർഷം ലൈസൻസ് നൽകിയിട്ടില്ല. ഫീസ് ഈടാക്കി രജിസ്ട്രേഷൻ പുതുക്കി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.) എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-14 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

17-ാം വാർഡിലെ 627-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുത്തൂറ്റ് മോട്ടോഴ്സിൽ നിന്നും ലൈസൻസ് ഫീയായി 4000 രൂപയും മോട്ടോർ ഫീസായി 400 രൂപയുമാണ് ഈടാക്കിയിട്ടുള്ളത്. പി.സി.ബി. സർട്ടിഫിക്കറ്റ് പ്രകാരം ടി. സ്ഥാപനത്തിന്റെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് 106 ലക്ഷം രൂപയാണ്. 31.10.2021-ലെ സ.ഉ.(അച്ചടി) നം.80/2017 /തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളും പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസും പുതുക്കി നിശ്ചയിട്ടുണ്ട്. ആയത് പ്രകാരം 50 ലക്ഷം രൂപയിൽ കൂടുതലും എന്നാൽ 2 കോടി രൂപയിൽ അധികരിക്കാത്തതുമായ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റുള്ള സർവ്വീസ് സെക്ടറിൽപ്പെട്ട സ്ഥാപനങ്ങൾ സ്മാൾ എന്റർപ്രൈസസ് എന്ന വിഭാഗത്തിൽപ്പെടുന്നവയാണ്. അത്തരം സ്ഥാപനങ്ങളിൽ നിന്നും 5000 രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാവുന്നതുമാണ്. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/29.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് കൃത്യമായി പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 വാടക പിരിവിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ വാടകയിനത്തിൽ ഗണ്യമായ തുക പിരിച്ചെടുക്കുവാനുണ്ട്. കുടിശ്ശികയിനത്തിൽ 2,54,472 രൂപയും 2021-22-ലെ വാടകയിനത്തിൽ 5,18,090 രൂപയും ലഭിക്കാനുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഏഴംകുളം ഷോപ്പിംഗ് കോപ്ലക്സിലെ കടമുറികളിൽ നിന്നുമാണ് ഇത്രയും തുക വാടകയിനത്തിൽ ലഭിക്കാനുള്ളത്. പിരിച്ചെടുക്കാനുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കട മുറി നമ്പറും വാടകക്കാരന്റെ വിവരങ്ങളും | വാടക കുടിശ്ശികയുടെ വിവരങ്ങൾ | |
|---|---|---|---|
| | | 2020-21 | 2021-22 |
| 1 | ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.1, സജീവ് റ്റി.സി., ശാന്തി ഭവൻ, നെടുമൺ | - | 131280 |
| 2 | ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.3, മോഹനകുമാർ, മോഹനവിലാസം, നെടുമൺ | 139236 | 146196 |
| 3 | ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.4, ഓമനക്കുട്ടൻ, ശ്രീശൈലം, ഏഴംകുളം | 115236 | 120996 |
| 4 | ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.5, വിൻസി ഫിലിപ്പ്, ആനമുടിയത്ത് | - | 119618 |
| | | 254472 | 518090 |

ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിൽ 10 കടമുറികളാണുള്ളത് ആയതിൽ രണ്ട് കടമുറികൾ (2, 6) വർഷങ്ങളായി വാടകയ്ക്ക് നൽകുന്നില്ല. കൃഷി ഓഫീസ് കെട്ടിടത്തിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ സാധനങ്ങൾ സൂക്ഷിക്കുന്നതിനായാണ് ടി.കടമുറികൾ ഒഴിച്ചിട്ടിരിക്കുന്നതെന്ന് പഞ്ചായത്തിൽ നിന്നും അറിയിച്ചു. എന്നാൽ നാളിതുവരെയായിട്ടും കൃഷി ഓഫീസ് അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടില്ല.

വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ചും ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകി

വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കാത്തതു സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/29.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം ചെയ്യുന്നതിനും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക നിശ്ചയിച്ചതു മൂലം പഞ്ചായത്തിന് വരുമാന നഷ്ടം

ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിലെ 5-ാം നമ്പർ കടമുറി സഹകാരി ബേക്കറി നടത്തുന്നതിന് നെടുമൺ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിനും ഏനാത്ത് എസ്.ജി.എസ്.വൈ. കോംപ്ലക്സിലെ കടമുറി നീതി മെഡിക്കൽ സ്റ്റോർ നടത്തുന്നതിന് ഏനാത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിനും 29.06.21-ലെ 5(1), 5(2) തീരുമാനങ്ങൾ പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. പരസ്യ ലേലം ഒഴിവാക്കി പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക നിശ്ചയിച്ചാണ് കടമുറികൾ നൽകിയിട്ടുള്ളത്. തൻമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറിയ്ക്ക് 2365 രൂപയും ഏനാത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറിയ്ക്ക് 2572 രൂപയുമാണ് വാടക നിശ്ചയിച്ചിട്ടുള്ളത്. ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറിയ്ക്ക് പ്രതിമാസം 10535 രൂപ വാടക ലഭിച്ചിരുന്നതാണ്. പരസ്യലേലം ഒഴിവാക്കി പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക നിശ്ചയിച്ചു നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/29.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക നിശ്ചയിച്ചതിലെ അപാകത പരിശോധിക്കുന്നതിനും വാടകയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാതിരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല.

പഞ്ചായത്തിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ 2021-22-ലെ വാർഷിക കണക്കുകൾ പ്രകാരം 18,33,314 രൂപ പിരിച്ചെടുക്കാനുണ്ട്. കുടിശ്ശികയിനത്തിൽ ഗണ്യമായ തുക ഒടുക്കാനുള്ള ചില കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | ഡോർ നം. | ഉടമസ്ഥന്റെ വിലാസം | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 20 | 501 | ജയദേവി, അവിട്ടം കുറ്റിയിൽ, അറുകാലിക്കൽ ഈസ്റ്റ്, പറക്കോട് പി.ഒ | 12285 |
| 2 | 20 | 689 | കെ.എം.രാജു, കൊച്ചുതുണ്ടിൽ, ഏഴംകുളം, പറക്കോട് പി.ഒ – 691554 | 40320 |
| 3 | 20 | 716 | വില്ലേജ് ഓഫീസ്, ഏഴംകുളം, പറക്കോട് പി.ഒ. | 11088 |
| 4 | 20 | 857 | റിലയൻസ് ഇൻഫോകോം, ലിമിറ്റഡ് 38/628 | 22864 |
| 5 | 20 | 865 | കെ.ഗോപിനാഥൻ, പ്രസിഡന്റ്, ക്ഷീരോൽപാദക സഹകരണ സംഘം, ഏഴംകുളം | 13460 |
| 6 | 20 | 932 | ചെയർമാൻ, നാഷണൽ സെൻട്രൽ സ്കൂൾ, ഏഴംകുളം | 80598 |
| 7 | 20 | 933 | ചെയർമാൻ, നാഷണൽ സെൻട്രൽ സ്കൂൾ, ഏഴംകുളം | 13022 |
| 8 | 17 | 685 | സന്തോഷ്കുമാർ കെ., പാലത്തുംതലയ്കൽ സിന്ധു ഭവൻ, അറുകാലിക്കൽ വെസ്റ്റ് | 15150 |
| 9 | 16 | 634 | പ്രിൻസി മോൾ, പ്ലാവിലയിൽ, അറുകാലിക്കൽ വെസ്റ്റ് | 10188 |
| 10 | 14 | 956 | സാംകുട്ടി, കൃപ ഭവൻ, ഏനത്ത് | 11879 |
| 11 | 14 | 958 | സാംകുട്ടി, കൃപ ഭവൻ, ഏനത്ത് | 11284 |
| 12 | 14 | 1003 | കെ.ജി.രവിന്ദ്രൻ പിള്ള, കിഴക്കേടത്ത് വീട്, കളക്കട | 22449 |
| 13 | 14 | 1179 | തഹസിൽദാർ, താലൂക്ക് ഓഫീസ്, അടൂർ | 30915 |
| 14 | 12 | 518 | നന്ദകുമാർ, ശാസ്ത എന്റർപ്രൈസ്, ഏനാത്ത് | 10752 |

| | | | | |
|---|---|---|---|---|
| 15 | 9 | 646 | സാബു ജോൺ, കൊച്ചുകളിയ്ക്കൽ പുത്തൻ വീട്, കടിക, കൈതപ്പറമ്പ്, പി.ഒ. | 10437 |
| 16 | 7 | 130 | ആർഷ വിദ്യാജ്യോതി സ്കൂൾ, കളശ്ശേരി, നെടുമൺ പി.ഒ. | 28533 |
| 17 | 6 | 551 | ജോർജ്ജ് സക്കറിയ, പള്ളിയ്ക്കൽ തെക്കേതിൽ, കിള്ളിക്കോട്, നെടുമൺ | 24950 |
| 18 | 5 | 753 | നസീർ/ നജീമ്/ ഉസ്മാൻ റാവുത്തർ/ സൈനബാ ബീവി, പള്ളിതെക്കേതിൽ കോട്ടേജ്, നെടുമൺ | 31470 |
| 19 | 4 | 312 | കെ.ചെല്ലപ്പൻ, പുഷ്പ വിലാസം തൊട്ടുവക്കാട്, തേപ്പുപാറ പി.ഒ. | 13635 |
| 20 | 3 | 593 | പി.ജെ.ജെയിംസ്, മുണ്ടയ്ക്കൽ പൊയ്കയിൽ, തേപ്പുപാറ പി.ഒ. | 16355 |
| | | | Total | 431634 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/31.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-18 സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്കും വസ്തു നികുതി ഇളവ് അനുവദിച്ചു

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും വിമുക്തഭടൻമാർ, അവരുടെ ഭാര്യമാർ, വിധവകൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള 493 കെട്ടിടങ്ങൾക്ക് 2021-22-ൽ വസ്തുനികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ വസ്തു നികുതിയിൽ ഇളവ് അനുവദിക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും സമർപ്പിക്കേണ്ട നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളത് 195 പേർ മാത്രമാണ്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് മറ്റുള്ളവർക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിട്ടുള്ളത്. വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000ച.അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയ വ്യവസ്ഥകൾ പരിഷ്കരിച്ച് 26.05.2017-ൽ സ.ഉ.(കൈ)നം.106/2017/ത.സ്വ.ഭ.വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത്തരത്തിൽ ഇളവ് ലഭിക്കുന്നതിന് ഓരോ വർഷവും മാർച്ച് 31-ന് മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു. കോവിഡ് രണ്ടാം തരംഗം പരിഗണിച്ച് 19.05.2021-ലെ സ.ഉ.(സാധാ)നം.1014/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ 2021-22 സാമ്പത്തിക വർഷ കാലയളവിലേക്ക് വസ്തു നികുതി ഇളവിന് സാക്ഷ്യപത്രം സമർപ്പിക്കേണ്ട സമയപരിധി 30.06.2021 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ ടി. കാലയളവിനുള്ളിൽ സാക്ഷ്യപത്രം ഹാജരാക്കാത്ത കെട്ടിട ഉടമകൾ ഉൾപ്പെടെ മുൻവർഷങ്ങളിൽ ഇളവ് അനുവദിച്ച എല്ലാവർക്കും തൻവർഷവും ഇളവ് അനുവദിച്ചു നൽകുകയാണുണ്ടായത്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/31.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ സാക്ഷ്യപത്രം ഹാജരാക്കുന്നവർക്ക് മാത്രം വസ്തുനികുതി ഇളവ് അനുവദിക്കുന്നതിനും അല്ലാത്തവരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് ജി.ഒ.(പി)259/2010/എൽ.എസ്.ജി.ഡി തീയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യുയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ, രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പ് മുഖേനയല്ലാതെ ഓഫീസ് വാഹനത്തിന്റെ

## ഇൻഷ്വറൻസ് പുതുക്കി

സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് എടുക്കേണ്ടത് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരമായിരിക്കണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കേ പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരം പുതുക്കി. ഓഫീസ് വാഹനമായ ബൊലേറോ ജീപ്പിന്റെ (KL-26-J-3723) ഇൻഷ്വറൻസ് പുതുക്കുന്നതിന് 26.04.2021-ലെ 22000068 നമ്പർ വൗച്ചർ പ്രകാരം നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ 16414 രൂപ ഒടുക്കു വരുത്തിയിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷ്വറൻസ് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരമായിരിക്കണം എടുക്കേണ്ടതെന്ന് G.O.(P)No.819/200/Fin, Dtd. 18.04.2000 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഇതിനു വിരുദ്ധമായാണ് നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരം ഇൻഷ്വറൻസ് പുതുക്കിയിട്ടുള്ളത്. ഭാവിയിൽ വാഹന ഇൻഷ്വറൻസ് എസ്.എൽ.ഐ. മുഖാന്തിരം പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് - പ്രാവർത്തികമായില്ല

സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് യഥാസമയം പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 21.01.2006-ലെ 9541/ഡി.പി.1/05/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 17.05.12-ൽ ഇലക്ട്രിസിറ്റി ബോർഡ് പുറപ്പെടുവിച്ച B.O.(FM)(Genl)No.1007/2012(Plg.Com.3515/98/11-12) നമ്പർ ഉത്തരവ് പ്രകാരം 6 മാസത്തിനകം മീറ്ററിംഗിനുള്ള തുക ഒടുക്കുന്ന പക്ഷം എസ്റ്റിമേറ്റ് തുകയുടെ 50% മാത്രം ഒടുക്കിയാൽ മതിയെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ചെലവ് ചുരുക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അവസരം പഞ്ചായത്ത് പ്രയോജനപ്പെടുത്തിയില്ല. മീറ്റർ സ്ഥാപിക്കുന്നതിന് 2015-16 വർഷം 535000 രൂപ ഒടുക്കിയിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. നിലവിൽ ഫിക്സഡ് താരിഫ് പ്രകാരമാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത്. വൈദ്യുതി ബില്ലിംഗ് പൂർണ്ണമായും മീറ്ററിംഗിലേക്ക് മാറാത്തതിനാൽ ഉപയാഗിക്കാത്ത വൈദ്യുതിയ്ക്ക് പഞ്ചായത്ത് ചാർജ്ജ് ഒടുക്കുന്ന അവസ്ഥയാണ്. നിലവിൽ ശരാശരി 1.3 ലക്ഷം രൂപയാണ് തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് ഇനത്തിൽ പ്രതിമാസം ഒടുക്കുവരുത്തുന്നത്. യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുകയാണെങ്കിൽ ഫിക്സഡ് താരിഫ് നൽകുന്നതു മൂലമുള്ള ഭീമമായ നഷ്ടം ഒഴിവാക്കാമായിരുന്നു. നിലവിൽ കറണ്ട് ചാർജ്ജ് ഒടുക്കുന്ന തെരുവ് വിളക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

| ക്രമ നം | തെരുവ് വിളക്ക് ഇനം | എണ്ണം | പ്രവർത്തന സമയം | നിരക്ക് | ആകെ തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് (1x40w) | 320 | 12 | 79 | 25280 |
| 2 | ഫ്ളൂറസെന്റ് ട്യൂബ് (1x40w) | 137 | 12 | 79 | 10823 |
| 3 | ഫ്ളൂറസെന്റ് ട്യൂബ് (2x40w) | 107 | 12 | 159 | 17013 |
| 4 | മെർക്കുറി വേപ്പർ ലാംപ് (1x400w) | 2 | 12 | 848 | 1696 |
| 5 | സോഡിയം വേപ്പർ ലാംപ് (1x250w) | 9 | 12 | 531 | 4779 |
| 6 | സി.എഫ്.എൽ ഓട്ടോമാറ്റിക് ഓൺ /ഓഫ് (2x11w) | 1303 | 12 | 38 | 49514 |
| 7 | സി.എഫ്.എൽ ഓട്ടോമാറ്റിക് ഓൺ /ഓഫ് (1x15w) | 87 | 12 | 26 | 2262 |
| | ആകെ | 1965 | | | 111367 |

കെ.എസ്.ഇ.ബി. ലഭ്യമാക്കിയ ചാർജ്ജ് പട്ടിക പ്രകാരം 320 40W ഓർഡിനറി ബൾബുകളുടെ താരിഫായി 25280 രൂപയാണ് ഈടാക്കുന്നത്. വർഷങ്ങളായി പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആവശ്യത്തിന് ഓർഡിനറി ബൾബുകൾ ഉപയോഗപ്പെടുത്തുന്നില്ലെന്നത് ഒരു വസ്തുതയാണ്. എന്നാൽ ഓർഡിനറി ബൾബുകൾക്കും പഞ്ചായത്ത് മുടങ്ങാതെ ചാർജ്ജ് ഒടുക്കിവരുകയാണ്.

കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് ഓർഡിനറി ബൾബുകളുടെ താരിഫ് മുൻകാല പ്രാബല്യത്തിൽ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഈ ഇനത്തിൽ കെ.എസ്.ഇ.ബി. അധികം ഈടാക്കിയ തുക തുടർന്നുള്ള ബില്ലിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 വെള്ളക്കരം - ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

2021 ഏപ്രിൽ മുതൽ 2022 മാർച്ച് മാസം വരെ 461 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 2,11,791 രൂപ വീതം ആകെ 25,41,492 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്ക വരുത്തിയിട്ടുണ്ട്. വൻതുക പ്രതിവർഷം ചെലവഴിക്കുന്നുണ്ടെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. സംയുക്തപരിശോധന നടത്തി ജലലഭ്യതയുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിലെ വാട്ടർകണക്ഷനുമായി ബന്ധപ്പെട്ട് അമിതമായി വെള്ളക്കരം വാട്ടർ അതോറിറ്റി ഈടാക്കുന്നു എന്നും ആയത് കുറയ്ക്കാൻ ഫലവത്തായ നടപടി സ്വീകരിക്കണമെന്നും പഞ്ചായത്ത് മെമ്പർമാർ ആവശ്യപ്പെട്ടതായി 19.04.2021-ലെ ജനറൽ കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 50-ൽ താഴെ ടാപ്പുകൾ മാത്രമുള്ള പഞ്ചായത്തിൽ 461 ടാപ്പുകളുടെ വെള്ളക്കരം തെറ്റായി രേഖപ്പെടുത്തിയ ബില്ല് പ്രകാരം തുക കൊടുക്കുന്നതു കൊണ്ടാണ് ഭീമമായ ചാർജ് പഞ്ചായത്ത് ഒടുക്കേണ്ടി വരുന്നത്.

വാട്ടർ അതോറിറ്റി നൽകുന്ന ബിൽ പ്രകാരം മുഴുവൻ പൊതുടാപ്പുകൾക്കും വെള്ളക്കരം അടച്ചുവരുന്നതിലെ അശാസ്ത്രീയതയും അപാകതയും പരിഹരിക്കണമെന്നും ഇല്ലാത്ത ടാപ്പുകളുടെ വെള്ളക്കരം മുൻകാല പ്രാബല്യത്തോടെ ബിൽ തുകയിൽ ഇളവ് ചെയ്ത് നൽകണമെന്നും വാട്ടർ അതോറിറ്റിയോട് 19.04.21-ലെ 4(2)-ാം നമ്പർ തീരുമാനം പ്രകാരം അഭ്യർത്ഥിക്കുന്നതിന് ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വെള്ളക്കരം കുറവ് ചെയ്യുന്നതിന് പഞ്ചായത്ത് നാളിതുവരെ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന സേവനത്തിന് ആനുപാതികമായ തുകയല്ല കെ.എസ്.ഇ.ബി-യും കേരള വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തിൽ നിന്ന് തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ്, പൊതുടാപ്പുകളുടെ വെള്ളക്കരം എന്നീയിനങ്ങളിൽ ഈടാക്കുന്നതെന്ന് വ്യക്തമാണ്. പൊതുപണം സംരക്ഷിക്കുന്നതിൽ വീഴ്ച ആവർത്തിക്കുന്നത് ഗുരുതരമായ പിഴവാണ്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) 80/2017/തസ്വഭവ തീയതി 30.04.2017 ഖണ്ഡിക 8.5 കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകൾ സ്ഥാപിക്കാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗാർഹിക കണക്ഷന് പ്രധാന്യം നൽകി, പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമായിരിക്കും.

പഞ്ചായത്തിന് വാട്ടർ അതോറിറ്റി നല്കിയിരിക്കുന്ന 2021 മാർച്ച് മാസത്തെ ബില്ലിൽ 11,24,345 രൂപ കുടിശ്ശികയും 21,975 രൂപ ഫൈനും ഉണ്ട്. 03/2019 മുതൽ 05/2019 വരെ സ്ട്രീറ്റ് ടാപ്പ് വാട്ടർ ചാർജ്ജ് കുടിശ്ശിക വന്ന 5,59,129 രൂപ 31-05-2019 തീയതിയിലെ 281760 നം. ചെക്ക് പ്രകാരം ഒടുക്കുവരുത്തിയത് 30-10-21 ൽ വാട്ടർ അതോറിറ്റി ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 2022 ഏപ്രിൽ മാസത്തെ ബില്ലിൽ 8,03,015 രൂപ കുടിശ്ശികയും 15,751 രൂപ ഫൈനും ആണ് ഉള്ളത്. പഞ്ചായത്ത് പ്രതിമാസ ബിൽ തുകയായി 2,11,791 രൂപ മാത്രമാണ് അടച്ചുവരുന്നത്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ പിഴ പലിശയും, കൂട്ടു പലിശയുമായി കുടിശ്ശിക തുക ക്രമാനുഗതമായി വർദ്ധിക്കുകയാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ക്രിയാത്മക നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-23 മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം മരുന്നുകൾ വാങ്ങുന്നതിന് KMSCL ന് നൽകിയ തുകയിൽ 938326 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/ നമ്പർ | അടങ്കൽ | ബിൽ നം., തീയതി | ലഭ്യമാക്കിയ മരുന്നിന്റെ വില | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 1 | FHCയ്ക്ക് മരുന്ന് വാങ്ങൽ | 250000 | 183/09-04-22<br>1083/25-04-22 | 44027<br>196544 | 4619 |

| | | | | | |
|---|---|---|---|---|---|
| | 111/2021-22 | | 5822/08-07-22 | 4810 | |
| 2 | 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് മാരക രോഗങ്ങൾക്ക് മരുന്നു വാങ്ങൽ 117/2021-22 | 1000000 | 15117/21-03-22<br>15124/21-03-22<br>3504/02-06-22<br>4906/24-06-22<br>5828/08-07-22 | 128815<br>122097<br>155781<br>236508<br>54501 | 302298 |
| 3 | 60 വയസ്സിനു താഴെ പ്രായമുള്ളവർക്ക് മാരക രോഗങ്ങൾക്ക് മരുന്നു വാങ്ങൽ 120/2021-22 | 500000 | 15098/19-03-22<br>184/09-04-22<br>1201/26-04-22<br>4970/24-06-22<br>5826/08-07-22 | 45089<br>44027<br>138536<br>98239<br>30423 | 143686 |
| 4 | പാലിയേറ്റീവ് കെയർ, ഉപകരണങ്ങൾ വാങ്ങൽ 115/2021-22 | 190000 | 1222/27-04-22<br>5291/01-07-22 | 31565<br>20712 | 137723 |
| 5 | പാലിയേറ്റീവ് കെയർ, മരുന്നു വാങ്ങൽ 115/2021-22 | 350000 | - | - | 350000 |
| | ആകെ | 2290000 | | 1351674 | 938326 |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച്

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ഓഡിറ്റ് വർഷം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/ നമ്പർ | ചെലവ് തുക | തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ |
|---|---|---|
| ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (SOO07/22) | 200000 | ഹോംകോ (അക്കൗണ്ട് നം.34306403911, SBI, ആലപ്പുഴ) തീയതി 15-11-21 |

ഫയൽ പരിശോധിച്ചതിൽ ടാക്സ് ഇൻവോയിസ് നം. എൽ.എഫ് 2900, തീയതി 31-03-22 പ്രകാരം 86200 രൂപയുടെ മരുന്ന് മാത്രമേ ഇതേ വരെ ലഭ്യമാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 1,13,800 രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-25 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-

വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 എബിസി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നമ്പർ | 18/22 |
| പദ്ധതി | എ ബി സി പ്രോഗ്രാം തുക കൈമാറൽ |
| ബിൽ ഐ ഡി തീയതി | 21050352016100715318 തീയതി 27.11.2021 |
| തുക | ₹ 1,00,000 |

എ ബി സി പ്രോഗ്രാം തുക കൈമാറൽ എന്ന പദ്ധതിയിൽപ്പെടുത്തി പഞ്ചായത്ത് വിഹിതമായി 1,00,000 രൂപ ജില്ലാമിഷൻ കോ-ഓഡിനേറ്ററുടെ അക്കൗണ്ട് നം. 03391040000090094-ൽ നിക്ഷേപിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-27 നിക്ഷേപ വേലകൾക്ക് നൽകിയ മുൻകൂർ - വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| നിർവണ ഏജൻസി | പ്രോജക്ട് നം./പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| കേരള വാട്ടർ അതോറിറ്റി | 301/22- വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ഫെയ്സ് | 1174881 |
| | 139/22- വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1492000 |
| | 299/22- വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ഫെയ്സ് | 2304532 |
| | 292/22-ഏനാത്ത് മാർക്കറ്റിൽ വാട്ടർ കണക്ഷൻ പുന:സ്ഥാപിക്കൽ | 108000 |
| ഭൂജല വകുപ്പ് | 195/22വിവിധ വാർഡുകളിലെ കുഴൽ കിണർ അറ്റകുറ്റപ്പണിക്ക് ഭൂജല വകുപ്പിന് തുക നൽകൽ | 15500 |
| KSEB | 144/22-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ/പുതിയ പോസ്റ്റ് സ്ഥാപിക്കൽ | 340442 |
| KSEB | 145/22-സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 1863402 |
| KSEB | 285/22-വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ ഫെയ്സ് | 727676 |
| | ആകെ | 8026433 |

വിനിയോഗ വിവരം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-28 അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

ഐസിഡിഎസ് സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ "വയോജനങ്ങൾക്ക് കട്ടിൽ" (പ്രോജക്ട് നം.297/2022) എന്ന പ്രോജക്ട് പ്രകാരം 3,48,500 രൂപ ചെലവഴിച്ച് ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്ന് 82 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കട്ടിൽ ലഭിച്ചവർ ആരുംതന്നെ ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. 19.03.2022ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1/18-ാം നമ്പർ തീരുമാന പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ഇവരെ പിന്നീട് ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ടോ എന്ന് 27.08.2022ൽ ഓഡിറ്റ് എൻക്വയറി (നം.16) മുഖേന നിർവ്വഹണ ഉദ്യോഗസ്ഥയോട് ആരാഞ്ഞു. ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്നും, അടുത്ത ഗ്രാമസഭയിൽ ഇത് അംഗീകാരത്തിനു സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പദ്ധതി നിർവ്വഹണത്തിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 ഐസിഡിഎസ് സൂപ്പർവൈസറുടെ പ്രോജക്ടുകൾ - നിർവ്വഹണം സുതാര്യമല്ല

ഐസിഡിഎസ് സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരമുള്ള വിവിധ വാങ്ങലുകൾ സുതാര്യമല്ല. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (ARTCO) എന്ന സ്ഥാപനത്തിൽനിന്ന് ടെണ്ടർ കൂടാതെ വാങ്ങാൻ സർക്കാർ അനുമതി നൽകിയ ഇനം സാമഗ്രികളല്ല വാങ്ങിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വാങ്ങിയ സാധനങ്ങൾ | ചെലവഴിച്ച തുക |
|---|---|---|---|
| 297/2022 | വയോജനങ്ങൾക്ക് കട്ടിൽ | HW003-HW COT- 198*90CM (FRONT LEG 60cm, BACK LEG 50cm, 8mm PLYWOOD TOP കട്ടിൽ | 348500 |
| 289/22 | അങ്കണവാടിക്ക് റാക്ക്, കണ്ടെയ്നർ വാങ്ങൽ | ഫുഡ് കണ്ടെയ്നർ | 26759.99 |
| 298/22 | അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ, ബേബി ചെയർ, ബേബി ടേബിൾ എന്നിവ വാങ്ങൽ | ബേബി ചെയർ, ബേബി ടേബിൾ, ഫ്ലോർ മാറ്റ് | 325921 |
| 265/22 | സ്മാർട്ട് അങ്കണവാടിയാക്കുന്ന പദ്ധതി - അങ്കണവാടി നം.31 | ചെയർ, ടേബിൾ, ഫ്ലോർ മാറ്റ് | 61040 |

ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുന്ന ചില ഉല്പന്നങ്ങൾ ഒരു വർഷത്തേക്ക് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് ജി.ഒ.(ആർ.റ്റി.) നം.08/2020/SPD തീയതി 10.02.2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള ഉല്പന്നങ്ങൾ അതിനു നിശ്ചയിച്ചിരിക്കുന്ന വിലയ്ക്ക് നേരിട്ടു വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ ഒന്നും തന്നെ സർക്കാർ അംഗീകരിച്ച പട്ടികയിലില്ല.

പട്ടികയിലില്ലാത്ത ഇനങ്ങൾ സ്റ്റോർ പർച്ചേസ് നിയമപ്രകാരം ടെണ്ടർ/ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്നതല്ലെന്നും, എന്നാൽ, ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് ടെണ്ടറിൽ/ക്വട്ടേഷനിൽ പങ്കെടുക്കാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിച്ച സാധനമാണെന്നും, പുറമെനിന്ന് വാങ്ങിയതല്ലെന്നുമുള്ള, മാനേജിംഗ് ഡയറക്ടറുടെ സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിച്ചിരിക്കണമെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിൽ ഇളവു നൽകിക്കൊണ്ട് 2021, 2022 വർഷങ്ങളിൽ ഇറങ്ങിയ ഉത്തരവുകളിലും ഇതേ വ്യവസ്ഥകൾ നിലനിർത്തിയിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾ ഒന്നുംതന്നെ പാലിച്ചിട്ടില്ല. ARTCOയിൽനിന്ന് കട്ടിൽ വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാനം ഇല്ല. കൂടാതെ, മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അപാകതകൾ ഓഡിറ്റ് എൻക്വയറി (നം.16/27.08.22 & 20/29.08.22) മുഖേന നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാങ്ങൽ പദ്ധതികൾ നടപ്പാക്കുവാൻ സർക്കാർ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്. ആവശ്യമായ രേഖകൾ സഹിതം അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അവശേഷിച്ച തുക തിരിച്ചടച്ചില്ല

പ്രത്യേക കന്നുകട്ടി പരിപാലന പദ്ധതിക്കായി മുൻ വർഷങ്ങളിൽ ഐസിഡിപി പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 50 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിനായി 01.02.2020ൽ നൽകിയ 6,25,000 രൂപയിൽ 73,501 രൂപയാണ് പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം മിച്ചമുള്ളതെന്ന് വ്യക്തിഗത ലഡ്ജർ പരിശോധിച്ചതിൽ കാണുകയുണ്ടായി. രണ്ട് ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ മരണപ്പെട്ടു പോയിട്ടുള്ളതും ഒരാൾ പദ്ധതി പൂർത്തീകരിക്കുന്നതിനുമുൻപ് പദ്ധതിയിൽനിന്ന് പിൻമാറിയിട്ടുള്ളതുമാണ്. കൃത്യമായി മോണിറ്ററിംഗ് ഇല്ലാതിരിക്കുന്നതിനാൽ ഇത്രയും തുക പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്. 2021-22 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പ്രോജക്ട് നിലവിൽ നടപ്പാക്കിവരുന്നതിനാൽ മേൽപ്പറഞ്ഞ നീക്കിയിരിപ്പ് തുക തൻവർഷം ഉപയോഗിക്കേണ്ട സാഹചര്യം ഇല്ല. വികസനഫണ്ടിനത്തിലുള്ള ടി തുക തിരിച്ചടയ്ക്കുകയോ അല്ലാത്തപക്ഷം വരുംവർഷങ്ങളിലെ പ്രൊജക്ടുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-31 അഗതിരഹിത കേരളം പദ്ധതി നടത്തിപ്പ് പരാജയം

അഗതികളുടെ സാമ്പത്തിക, സാമൂഹിക ഉന്നമനവും പുനരധിവാസവും ലക്ഷ്യമിട്ട് ആവിഷ്കരിച്ച അഗതിരഹിതകേരളം പദ്ധതിയുടെ നടത്തിപ്പ് മന്ദഗതിയിലാണ്. പദ്ധതി ആരംഭിച്ച് മൂന്ന വർഷമായിട്ടും വിഭാവനം ചെയ്തിരുന്ന ഒരു ലക്ഷ്യം പോലും നിറവേറ്റാൻ സാധിച്ചില്ല. പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കൃത്യമായ മേൽനോട്ടമില്ല. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) മതിയായ ഫണ്ട് അനുവദിച്ചില്ല

49.3 ലക്ഷം രൂപ പ്ലാൻ ഫണ്ടും, 38.31 ലക്ഷം രൂപ ചലഞ്ച് ഫണ്ടും മറ്റ് വകുപ്പുകളിൽനിന്ന് 52.45 ലക്ഷം രൂപയും ഉൾപ്പെടെ 1.41 കോടി രൂപയാണ് പദ്ധതി അടങ്കൽ. എന്നാൽ പഞ്ചായത്തിൽനിന്ന് ആകെ മൂന്ന ലക്ഷം രൂപ മാത്രമാണ് നാളിതുവരെ പ്ലാൻ ഫണ്ട് അനുവദിച്ചത്. പദ്ധതി ആവിഷ്കരിച്ച പഞ്ചായത്തുതന്നെ മതിയായ ഫണ്ട് ലഭ്യമാക്കാതിരുന്നതും ചലഞ്ച്ഫണ്ടിനത്തിൽ 1117930 രൂപ മാത്രം ലഭിച്ചതും മറ്റ് വകുപ്പുകളിൽനിന്ന് ലഭിക്കുമെന്ന് വിഭാവനം ചെയ്തിരുന്ന തുക നേടിയെടുക്കുന്നതിനും കഴിയാതിരുന്നതുമൂലം പദ്ധതിയുടെ ലക്ഷ്യം നേടാനായില്ല.

2) ലഭിച്ച ഫണ്ട് വിനിയോഗിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ആശ്രയ പദ്ധതിയുടെ (പ്രോജക്ട് നം.103/22) ഭാഗമായി 200000 രൂപ സിഡിഎസ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി തുക ചെലവഴിച്ചിട്ടില്ല. 2020-21 സാമ്പത്തിക വർഷം ഇപ്രകാരം നൽകിയ 100000 രൂപയും ചെലവഴിച്ചിട്ടില്ലായെന്ന് ആശ്രയ പദ്ധതിയുടെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. അർഹരായ ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യം നൽകാതിരുന്നതു സംബന്ധിച്ച് 23.08.2022ൽ ഓഡിറ്റ് എൻക്വയറി (നം.05) നൽകി. 2020-21, 2021-2022 സാമ്പത്തിക വർഷങ്ങളിൽ തുക ചെലവഴിക്കാൻ സാധിച്ചില്ലെന്നും നടപ്പ് സാമ്പത്തികവർഷം അർഹരായ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതാണെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി. വികസനഫണ്ട് പിൻവലിച്ച് അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിക്കുന്നത് ധനവിനിയോഗ മാർഗ്ഗരേഖയുടെ [ജി.ഒ.(പി) നം.177/2006ഫിൻ. തീയതി 12.04.2006] ലംഘനമാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

3) അർഹരായവർക്ക് ആനുകൂല്യം നിഷേധിക്കപ്പെട്ടു

ലഭ്യമാക്കിയ കണക്കു പ്രകാരം ഭവനരഹിതരായ 20 പേരും വീട് അറ്റകുറ്റപ്പണി ആവശ്യമായ 50 പേരും പട്ടികയിൽ ഉണ്ട്. ഇവരിൽ ഒരാൾക്ക് മാത്രമാണ് പദ്ധതി പ്രകാരം വീട് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച വിവിധ ഭവന നിർമ്മാണ, ഭവന അറ്റകുറ്റപ്പണി പ്രോജക്ടുകളിലൊന്നും ആശ്രയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടില്ല. ഭക്ഷണം നൽകുന്നതു മാത്രമാണ് നിലവിൽ ആശ്രയ/അഗതിരഹിത കേരളം പദ്ധതിയുടെ പ്രവർത്തനം.

വാർഷിക പദ്ധതിക്ക് ഡിപിസി അംഗീകാരം ലഭിക്കുന്നതിനുള്ള അനിവാര്യ വകയിരുത്തൽ എന്ന നിലയിൽ മാത്രമാണ് ആശ്രയ പദ്ധതിയെ ഗ്രാമപഞ്ചായത്ത് കരുതുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പെട്ടുപോയി എന്ന കാരണത്താൽ അഗതികൾക്ക് പഞ്ചായത്തിന്റെ മറ്റെല്ലാ ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നു എന്ന വിവരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മതിയായ ഫണ്ട് വകയിരുത്തി, അഗതിരഹിതകേരളം പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാൻ ഭരണസമിതിയുടെ ഇടപെടൽ ആവശ്യമാണ്.

## 1-32 ലൈഫ് ഭവനപദ്ധതി - പൂർത്തീകരണം നിരീക്ഷിക്കുന്നില്ല

പഞ്ചായത്തിൽ ലൈഫ് ഭവനനിർമ്മാണ പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നില്ല. തുക കൈപ്പറ്റിയ, ജനറൽ വിഭാഗത്തിൽപ്പെട്ട നാലും, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പതിനാലും ഗുണഭോക്താക്കൾ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ഇവരിൽ 2019ൽ ഗഡു കൈപ്പറ്റിയവരും ഉൾപ്പെടുന്നു. വിശദാംശം ചുവടെ

ചേർക്കുന്നു.

ലൈഫ് ഭവന നിർമ്മാണം - ജനറൽ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ഭാർഗ്ഗവിയമ്മ, ഐക്കര പുത്തൻവീട് | 200000 | 05.01.2019 |
| 2 | ദിനേശ് ആർ., രാജേന്ദ്രവിലാസം | 300000 | 04.01.2021 |
| 3 | ലീലാമ്മ, പാറവിള | 40000 | 26.08.2020 |
| 4 | മോഹനൻ പി., രാഹുൽ ഭവനം | 40000 | 25.12.2021 |

ലൈഫ് ഭവന നിർമ്മാണം - എസ്.സി.പി.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | മണി, ചരുവിള പുത്തൻവീട് | 250000 | 23.07.2019 |
| 2 | കൊച്ചുമോൾ, പയറ്റുംവിളയിൽ | 260000 | 04.01.2021 |
| 3 | രേണുക, അയ്യപ്പസദനം | 300000 | 17.08.2020 |
| 4 | ചെല്ലമ്മ, മാങ്കോട് തെക്കേക്കര മുരുപ്പേൽ | 300000 | 21.01.2022 |
| 5 | ഓമന കെ, മണിമേഖല വിലാസം | 40000 | 04.11.2020 |
| 6 | കവിത, നിരപ്പിൽ കിഴക്കതിൽ | 300000 | 24.11.2021 |
| 7 | കൊച്ചുപെണ്ണ്, നിരപ്പിൽ കിഴക്കതിൽ | 300000 | 21.01.2022 |
| 8 | ശശികല, ഉത്തരശ്ശേരിൽ | 400000 | 06.11.2020 |
| 9 | സംഗീത, കന്യാകുഴി വടക്കേക്കര | 40000 | 06.11.2020 |
| 10 | രാജു കെ., പാലേലിക്കുഴി പുത്തൻവീട് | 40000 | 06.11.2020 |
| 11 | വിജയൻ വി., വാഴോട്ടുവീട് | 300000 | 20.02.2020 |
| 12 | സുശീല കെ., കൊച്ചയ്യത്ത് അച്ചുഭവനം | 40000 | 23.12.2020 |
| 13 | ശാന്ത, ചേർക്കോട് കിഴക്കേതിൽ | 200000 | 22.03.2022 |
| 14 | മണി, മണിമന്ദിരം | 300000 | 21.01.2022 |

വീട്ടുപണി പൂർത്തീകരിക്കുന്നതിന് ശരിയായ മോണിറ്ററിംഗ് ആവശ്യമായതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-33 ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ - സർക്കാർ ഉത്തരവ് നടപ്പിലാക്കിയില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

സബസിഡി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്.) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 ] ഖണ്ഡിക നം.8.8ൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്.

1. തദ്ദേശഭരണ സ്ഥാപനത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികൾ സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകളുടെ (കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി,പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ് ചാർജ്ജ്) ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകണം.

2. ആവശ്യം പരിഗണിച്ച് ഒരു നടപടിക്രമ ഉത്തരവിലൂടെ എല്ലാ സ്ഥാപന മേലധികാരികൾക്കും തുക അനുവദിക്കേണ്ടതാണ്.

3. ഇതിനാവശ്യമായ തുക തദ്ദേശഭരണ സ്ഥാപനത്തിന്റെ തനതുഫണ്ട്/ ജനറൽ പർപ്പസ് ഗ്രാന്റ് /നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽനിന്നും കണ്ടെത്തേണ്ടതാണ്.

4. അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ സ്ഥാപന മേധാവിതന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ കണ്ടിജൻസി ചെലവുകളുടെ നടത്തിപ്പിൽ ഈ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല എന്നു കണ്ടു. സ്ഥാപന മേലധികാരികൾ അതത് മാസത്തെ വൈദ്യുത/ ടെലിഫോൺ/ വാട്ടർ ചാർജ്ജ് ബിൽ പഞ്ചായത്തിൽ ഹാജരാക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. കണ്ടിജൻസി ചെലവുകൾക്കുള്ള തുക അനുവദിക്കുന്നതിന് വളരെ ലളിതമായ നടപടിക്രമം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത് അനുവർത്തിക്കാതിരിക്കുന്നത്, ഘടക സ്ഥാപന മേലധികാരികൾക്കും പഞ്ചായത്തിലെ ജീവനക്കാർക്കും ജോലിഭാരം വർദ്ധിക്കുന്നതിനും സമയനഷ്ടത്തിനും ഇടയാക്കുന്നു. സർക്കാർ നിർദ്ദേശം പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചില്ല

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം ബാങ്ക് അക്കൗണ്ട് തുറന്നിട്ടില്ല. ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/സി.ഇ.തസ്വഭവ നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു അക്കൗണ്ട് തുറന്നിട്ടില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് ഇപ്പോഴും ഇ-ടെണ്ടർ ഫീസും ഇ.എം.ഡി.-യും ഒടുക്കിവരുന്നത്. 2016-17 മുതൽ 2020-21 വരെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ 415221 രൂപ 10/01/22-ൽ ഗ്രാമപഞ്ചായത്തിൽ തിരികെ ലഭിച്ചിട്ടുണ്ട്. 2021-22 വർഷം ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 150414/ രൂപ തിരികെ ലഭിക്കാനുണ്ട്. ഈ തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം പ്രത്യേക അക്കൗണ്ട് ആരംഭിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് നിർവ്വഹണം - പൊതുവായ അപാകതകൾ

2021-22 വർഷത്തെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇ-ടെണ്ടർ രേഖകൾ ഫയലിൽ കൃത്യമായി സൂക്ഷിക്കുന്നില്ല

എൽ.എസ്.ജി.ഡി. ചീഫ് എൻജിനീയറുടെ 25/10/18-ലെ ഡി.ബി1/7942/2020/സി.ഇ/എൽ.എസ്.ജി.ഡി. സർക്കുലർ അനുസരിച്ച് ഇ-ടെണ്ടർ തുറന്നതിന് ശേഷം, ടെണ്ടർ രേഖകൾ സമർപ്പിക്കാത്ത എല്ലാ കരാറുകാർക്കും രേഖകൾ ഹാജരാക്കുന്നതിന് നോട്ടീസ് നൽകേണ്ടതാണ്. ആയതിന് ശേഷവും രേഖകൾ ഹാജരാക്കാത്തവരുടെ ഇ.എം.ഡി. കണ്ടുകെട്ടേണ്ടതും കരാറുകാർ രേഖകൾ സമർപ്പിക്കാത്തത് ആവർത്തിക്കുന്ന പക്ഷം അവരെ കരിമ്പട്ടികയിൽപ്പെടുത്തേണ്ടതുമാണ്. ഈ നിബന്ധനകൾ നോട്ടീസ് ഇൻവൈറ്റിംഗ് ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇ-ടെണ്ടറിൽ പങ്കെടുത്ത എല്ലാ കരാറുകാരുടേയും ടെണ്ടർ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലെന്നത് വ്യക്തമായി. എൽ.എസ്.ജി.ഡി. ചീഫ് എൻജിനീയറുടെ സർക്കുലർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുമില്ല.

2) എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രൊജക്ടുകളുടെ പരിശോധനയിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിന്റെ അവിഭാജ്യ ഘടകമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നത് അപൂർണ്ണമായാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ പി.ഡബ്ള്യൂ.ഡി. മാനുവലിൽ വിശദമാക്കിയിട്ടുണ്ട്. പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 1601.1.2(ii) ലും മെയിന്റനൻസ് പ്രവൃത്തികളുടെ

കാര്യത്തിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്തും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നു. എന്നാൽ പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച വ്യക്തത ഈ റിപ്പോർട്ടുകൾ നല്കുന്നില്ല.

1) റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ, ആസ്തി നമ്പർ എന്നിവ

2) അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ.

3) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും.

4) പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ

5) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.

6) പ്രവൃത്തി പൂർത്തീകരിക്കാനുദ്ദേശിക്കുന്ന കാലയളവ്.

7) മറ്റ് പ്രസക്തമായ കാര്യങ്ങൾ.

ഇപ്രകാരം പോരായ്മകൾ ഉള്ള എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദാംശങ്ങൾ ആവശ്യപ്പെട്ട് മടക്കുന്നതായും കാണുന്നില്ല. അപൂർണ്ണമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കിവരുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രോജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാക്കുക, പ്രോജക്ടു പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല. വരും വർഷങ്ങളിൽ മേൽ ആസ്തികളുടെ കാര്യത്തിൽ നടത്തേണ്ട ഇടപെടലുകളെ കുറിച്ച് അജ്ഞതയുണ്ടാകാനും അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇടയാക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

3) കാലഹരണപ്പെട്ട നിബന്ധനകൾ ഉൾപ്പെടുത്തി മരാമത്ത് പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുന്നു

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും വ്യക്തമായി. പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

(A) സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) ബാധകമാക്കിയിട്ടുണ്ട്. ഇതിന്റെ ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് സെൻട്രൽ പി.ഡബ്ല്യ.ഡി.സ്പെസിഫിക്കേഷനെയാണെന്ന് കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

(B) പിഴ സംബന്ധിച്ച വ്യവസ്ഥയിലെ അപാകത

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥ പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ചുള്ളതാണ്. 2012 ൽ പുതുക്കിയ പി.ഡബ്ല്യ.ഡി. മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2% പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ

നിശ്ചിത കാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

(C) മരാമത്ത് പ്രവൃത്തി പൂർത്തീകരണ സമയക്രമം

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രോജക്ടിൽ ഏകവർഷ പ്രൊജക്ടെന്ന് രേഖപ്പെടുത്തുകയും കരാർ സാമ്പത്തിക വർഷാവസാനം വയ്ക്കുകയും ചെയ്യുന്ന സാഹചര്യവുമുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാനം എഗ്രിമെന്റിൽ ഏർപ്പെടുന്ന മിക്ക പ്രവൃത്തികളും സ്പിൽ ഓവറാകുന്ന സാഹചര്യമാണുള്ളത്. ഏകവർഷ പ്രൊജക്ടുകൾ മാർച്ച് 31 നകം പൂർത്തീകരിക്കപ്പെടേണ്ടതുണ്ടെന്ന വസ്തുത പരിശോധിക്കുന്നില്ല.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി മുന്നാകെ എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതും അപാകത പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കേണ്ടതുമാണ്.

4) ജി.എസ്.റ്റി.കോമ്പൻസേഷൻ അനുവദിച്ച കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017 /തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി)നം. 2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 2021-22 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

5) മരാമത്ത് ഫയലുകൾ സൂക്ഷിക്കുന്നതിലെ ന്യൂനത

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ഒന്നും തന്നെ അസി.എഞ്ചിനീയർ തയ്യാറാക്കി അസി.എക്സി.എഞ്ചിനീയർ മേലൊപ്പിട്ട കംപ്ലീഷൻ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളുടെ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. എഗ്രിമെന്റ് കാലയളവിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നുണ്ടെങ്കിലും, പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷ വാങ്ങുകയോ ചട്ടപ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് വെപ്പിച്ച് പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് വാങ്ങുകയോ ചെയ്യുന്നില്ല. ആയിരം രൂപയുടെ മുദ്രപത്രത്തിലാണ് സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടത്. സമയ ദീർഘീകരണത്തിന് കരാറുകാരിൽനിന്നും സപ്ലിമെന്ററി എഗ്രിമെന്റ് എഴുതി വാങ്ങാത്തതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാർ ഫണ്ടിന് നഷ്ടം ഉണ്ടാകുന്നുണ്ട്. പരിഹാര നടപിടികൾ സ്വീകരിക്കേണ്ടതാണ്.

6) സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ചു നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശകിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട് (ഖ-15.6.1). എന്നാൽ അസി.എഞ്ചിനീയർ ഈ വിധമുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിലാണ് സെക്യൂരിറ്റി, പെർഫോർമെൻസ് ഗ്യാരന്റി മുതലായവയുടെ വിവരം ചേർത്തിട്ടുള്ളത്.

പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി സംരക്ഷണകാലയളവിനുശേഷം മടക്കി നൽകുമ്പോൾ ബന്ധപ്പെട്ട ഓവർസീയറുടെ പരിശോധനാ റിപ്പോർട്ടോ, അസി.എഞ്ചിനീയറുടെ ഉത്തരവോ ഫയലിൽ നോട്ട് ചെയ്യുന്നില്ല. ഫയൽ നോട്ടിന്റെ അഭാവത്തിൽ സംരക്ഷണ കാലയളവിനുശേഷം പ്രവൃത്തികളുടെ സ്ഥിതി പരിശോധിച്ച് പ്രവൃത്തിക്ക് തകരാറില്ലെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമാണ് സെക്യൂരിറ്റികൾ റിലീസ് ചെയ്യുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല.

ജാമ്യനിക്ഷേപം കൈപ്പറ്റലും, മടക്കി നൽകലുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 മരണപ്പെട്ടവർക്കും ക്ഷേമപെൻഷൻ - പൊതു ഖജനാവിന് നഷ്ടമായത് 11.24 ലക്ഷം രൂപ

സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ വിവരങ്ങളും ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ വിവരങ്ങളും (1/2020-03/20202) താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും അവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്തുവരുന്നതായി കണ്ടെത്തി. മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാത്തതിനാലാണ് ഈ അപാകത സംഭവിച്ചത്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾപോലും സസ്പെൻഡ് ചെയ്തിട്ടില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക കൈമാറുന്നതിനാൽ അനർഹർ തുക കൈപ്പറ്റുന്ന സാഹചര്യവും നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ പെൻഷൻ തുക | |
|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക |
| 1 | ശ്രീധരൻ G | 104180200309 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 18/03/21 | 4/21- 8/22 | 27200 |
| 2 | ആമിനാബീവി | 104180201008 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 19/05/21 | 6/21-8/22 | 24000 |
| 3 | മുരളീധരൻ നായർ | 104180202699 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 15/05/2021 | 6/21-8/22 | 24000 |
| 4 | ലക്ഷ്മിക്കുട്ടിയമ്മ | 104180203451 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 19/02/21 | 3/21-8/22 | 28700 |
| 5 | സുകുമാരൻ ആചാരി | 104180201414 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 08/11/20 | 12/20-8/22 | 33100 |
| 6 | ഓമന എൻ. | 104180203856 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/11/20 | 12/20-8/22 | 33100 |
| 7 | ശാമുവേൽ യോഹന്നാൻ | 104180202616 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 20/12/19 | 1/20-8/22 | 47400 |
| 8 | ഉണ്ണുണ്ണി ജോർജ് | 104180202044 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 19/12/19 | 1/20-8/22 (Rs.600/m0nth) | 19200 |
| 9 | ഗീവർഗ്ഗീസ് യോഹന്നാൻ | 103170200330 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 15/01/20 | 2/20-8/22 | 48200 |
| 10 | ചിന്നമ്മ മത്തായി | 104180203230 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 31/01/20 | 2/2/-8/22 | 46200 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ശമുവേൽ റ്റി.ജി. | 104180203156 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/02/20 | 3/20-8/22 (Rs.600/m0nth) | 18000 |
| 12 | ശ്രീധരൻ | 104180200522 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 02/02/20 | 3/20-8/22 | 46700 |
| 13 | നാരായണൻ നായർ | 104180203605 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/05/20 | 6/20-8/22 | 42200 |
| 14 | ജോയി ജി | 104180202900 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 17/03/20 | 4/20-8/22 | 43800 |
| 15 | ഗോപിനാഥൻ പിള്ള | 104180202793 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/04/20 | 5/20-10/20 | 9000 |
| 16 | മുരളീധരൻ സി. | 104180204036 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 15/03/20 | 4/20-8/22 | 43800 |
| 17 | നളിനിയമ്മ | 104180203036 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 21/03/20 | 4/20-12/21 | 32400 |
| 18 | റോസമ്മ | 104180100573 | കർഷക തൊഴിലാളി പെൻഷൻ | 15/07/20 | 8/20-8/22 (Rs.600/m0nth) | 15000 |
| 19 | ഇസ്മായിൽ റാവുത്തർ | 104180200318 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 12/07/20 | 8/20-8/22 | 39200 |
| 20 | കമലാക്ഷി | 104180201704 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 27/12/20 | 1/21-8/21 | 31700 |
| 21 | തങ്കമ്മ | 104180202621 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 25/07/20 | 8/20-8/22 (Rs.600/m0nth) | 14400 |
| 22 | കൊച്ചു ചെറുക്കൻ | 104180201472 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 31/07/20 | 8/20-6/21 (Rs.600/m0nth) | 6600 |
| 23 | സുബ്രയ്യൻ | 104180201796 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/02/21 | 3/21-8/22 | 28700 |
| 24 | ശ്രീധരൻ | 104180201662 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/05/21 | 6/21-8/22 | 28500 |
| 26 | മുരളീധരൻ നായർ റ്റി.വി | 104180202699 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 15/05/21 | 6/21-8/22 | 24000 |
| 27 | കോതക്കുറുമ്പ | 104180200806 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 22/05/21 | 6/21-8/22 | 24000 |

| | | | | | | |
|---|---|---|---|---|---|---|
| 28 | ലൈല | 104180601855 | വിധവ പെൻഷൻ | 20/05/21 | 6/21-8/22 | 24000 |
| 29 | ഇസ്മായിൽ റാവുത്തർ | 104180200318 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 12/07/2020 | 8/20-8/22 | 39200 |
| 30 | ബഷീർ എസ് | 104180203491 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 06/11/20 | 12/20-8/22 | 33100 |
| 31 | സുകുമാരൻ ആചാരി | 104180201414 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 08/11/20 | 12/20-8/22 | 33100 |
| 32 | ശാന്തമ്മ ജെ | 104180203945 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 08/10/20 | 11/20-8/22 | 13200 |
| 33 | സുലേഖ ബീവി | 104180100561 | കർഷക തൊഴിലാളി പെൻഷൻ | 25/09/21 | 10/21-8/22 | 17600 |
| 34 | ലീലാമ്മ മാത്യു | 104180601286 | വിധവ പെൻഷൻ | 24/09/21 | 10/21-8/22 | 17600 |
| 35 | തോമസ് ഫിലിപ്പോസ് | 104180203146 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 01/09/21 | 10/21-8/22 | 17600 |
| 36 | മീനാക്ഷിയമ്മ | 104180202860 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 28/08/21 | 9/21-8/22 | 7200 |
| 37 | ഇന്ദിരാമ്മ | 104180202917 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 23/08/21 | 9/21-8/22 | 19200 |
| 38 | സുമതിക്കുട്ടിയമ്മ | 104180100417 | കർഷക തൊഴിലാളി പെൻഷൻ | 10/07/21 | 8/21-8/22 | 20800 |
| 39 | പൊടിയൻ എസ്. | 104180203866 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 20/07/21 | 8/21-8/22 | 20800 |
| 40 | രാജനാചാരി എൻ | 104180202750 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 02/07/21 | 8/21-8/22 | 20800 |
| 41 | ഉണ്ണിയമ്മ | 104180200348 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 04/01/22 | 2/22-8/22 | 11200 |
| 42 | തങ്കപ്പൻ പിള്ള | 104180202910 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 31/12/21 | 1/22-8/22 (600/month) | 4800 |
| 43 | ചെറിയാൻ ചെറിയാൻ | 104180201470 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 21/01/22 | 2/22-8/22 | 11200 |
| 44 | എൻ.സി.പാപ്പച്ചൻ | 104180204547 | ദേശീയ വാർദ്ധക്യകാല | 13/01/22 | 2/22-8/22 | 11200 |

| | | | | | | |
|---|---|---|---|---|---|---|
| | | | പെൻഷൻ | | | |
| 45 | പാറുകുട്ടിയമ്മ | 104180600135 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/01/22 | 2/22-8/22 | 11200 |
| 46 | ശിവരാമൻ നായർ | 104180202151 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 30/01/22 | 2/22-8/22 | 11200 |
| | | | | | | 1124100 |

മരണപ്പെട്ടവരെ അതാത് മാസം തന്നെ പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാദ്ധ്യസ്ഥരാണന്ന്, സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും ക്രോഡികരിച്ചുകൊണ്ട് പുറപ്പെടുവിച്ച ജി.ഒ(എം.എസ്.)നം.97/2020/ധന തീ.23/09/2020 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മരണപ്പെട്ട ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത ത് മൂലമുണ്ടാകുന്ന നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും ധനകാര്യ വകുപ്പിന്റെ 05/11/20-ലെ 67/20 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചമൂലം പൊതു ഖജനാവിന് നഷ്ടമുണ്ടായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.21) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അധികമായി നൽകിയ തുക തിരികെ ഈടാക്കി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തില്ല-ബാങ്കുകളിൽ ശേഷിക്കുന്നത് ലക്ഷങ്ങൾ

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നത് മൂലം 8/2022 വരെയുള്ള പെൻഷൻ തുക ബന്ധപ്പെട്ട ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ ഡി.ബി.റ്റി. രേഖകൾ പരിശോധിച്ചതിൽ ബാങ്ക് മുഖേന പെൻഷൻ വാങ്ങി വന്ന ഗുണഭോക്താക്കൾ മരണപ്പെട്ടതിനെ തുടർന്ന് അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ ലഭിച്ച പെൻഷൻ തുക കൈമാറാൻ ബാങ്കിന് സാധിച്ചിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പെൻഷൻ തുക ലഭിച്ചത് ബാങ്ക് തടഞ്ഞുവച്ചിട്ടുമുണ്ട്. ഇത് മൂലം പെൻഷൻ തുക ബാങ്കുകളിൽ ശേഷിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | ബാങ്കിന് ലഭിച്ച പെൻഷൻ തുക കൈമാറാത്തതിന് കാരണം |
|---|---|---|---|
| ജാനകിയമ്മ | 104180203111 | 08/12/2019 | മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| അന്നമ്മ | 104180600861 | 03/12/19 | മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| ഹാജിറാ ബീവി | 104180203109 | 18/01/20 | മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| കുട്ടിയമ്മ | 104180601016 | 15/01/2020 | മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| റാഫിയ | 104180600747 | 23/01/20 | 2/20, 3/20, 4/20 മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പുനർവിവിഹിത അല്ല എല്ല സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 6/20 മുതൽ 6/22വരെയുള്ള പെൻഷൻ തുക ബാങ്ക് തടഞ്ഞുവച്ചിരിക്കുന്നു |

| | | | |
|---|---|---|---|
| വർഗ്ഗീസ് വി. | 104180200446 | 29/04/20 | ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ 5/20 മുതൽ 8/22വരെയുള്ള തുക ബാങ്കിൽ ശേഷിക്കുന്നു |
| ഗോപിനാഥൻ പിള്ള | 104180202793 | 03/04/20 | 5/20മുതൽ 10/20 വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ 11/20 മുതൽ 8/22വരെയുള്ള തുക ബാങ്കിൽ ശേഷിക്കുന്നു |
| തങ്കമ്മ | 104180600928 | 07/05/20 | ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ 6/20 മുതൽ 8/22വരെയുള്ള തുക ബാങ്കിൽ ശേഷിക്കുന്നു |
| സരസമ്മ | 104180600374 | 20/04/20 | ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ 5/20 മുതൽ 8/22വരെയുള്ള തുക ബാങ്കിൽ ശേഷിക്കുന്നു |
| നളിനിയമ്മ | 104180203036 | 21/03/20 | 4/20മുതൽ 12/21വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ 1/22 മുതൽ 8/22വരെയുള്ള തുക ബാങ്കിൽ ശേഷിക്കുന്നു |
| കുട്ടി | 104180100411 | 11/01/21 | 2/21മുതൽ 04/21വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ 5/21 മുതൽ 8/22വരെയുള്ള തുക ബാങ്കിൽ ശേഷിക്കുന്നു |
| കൊച്ചു ചെറുക്കൻ | 104180201472 | 31/07/20 | 8/20മുതൽ 06/21വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ 7/21 മുതൽ 8/22വരെയുള്ള തുക ബാങ്കിൽ ശേഷിക്കുന്നു |
| മത്തായി ഡാനിയേൽ | 104180201446 | 10/03/21 | 4/21-ലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ 5/21 മുതൽ 8/22വരെയുള്ള തുക ബാങ്കിൽ ശേഷിക്കുന്നു |
| ഉമ്മു സൽമബീവി | 104180200845 | 13/12/2020 | അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ 1/21 മുതൽ 8/22വരെയുള്ള തുക ബാങ്കിൽ ശേഷിക്കുന്നു |
| ജാനകിക്കുട്ടി | 104180202401 | 26/08/19 | DTH-ഡി.ബി.റ്റിയിൽ Deceased എന്ന് രേഖപ്പെടുത്തി 7/19-ലെ പെൻഷൻ കൈമാറിയിട്ടില്ല. ഉടർന്ന് മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| കെ.എൽ.വസന്ത കുമാരി | 104180202078 | 29/06/21 | അക്കൗണ്ട് ക്ലോസ് ചെയ്യാതിനാൽ 7/21 മുതൽ 8/22വരെയുള്ള തുക ബാങ്കിൽ ശേഷിക്കുന്നു |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സേവന പെൻഷൻ ഡാറ്റാ ബേസ് വിശദമായി പരിശോധിച്ച് മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും നീക്കം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്. ബാങ്കുകളിൽ ഇത്തരത്തിൽ ശേഷിക്കുന്ന തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 പരേതർക്കും കർഷക പെൻഷൻ

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ കർഷക പെൻഷൻ അക്കൗണ്ട് ഇപ്പോഴും സസ്പെൻഡ് ചെയ്യപ്പെട്ടിട്ടില്ല. കൃഷി ഓഫീസ് മുഖേന പ്രതിമാസം 1600 രൂപ നിരക്കിൽ ബാങ്ക് മുഖേനയാണ് കർഷക പെൻഷൻ നൽകുന്നത്. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാത്തത് മൂലം നാളിതുവരെയുള്ള പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുവാൻ ഇടയായിട്ടുണ്ട്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ വിവരം യഥാസമയം കൃഷി ഓഫീസിനെ അറിയിക്കുന്നതിനുള്ള നടപടികൾ ഉണ്ടായിട്ടില്ല. ഇപ്പോഴും കർഷക പെൻഷൻ അക്കൗണ്ട് ആക്ടീവ് ആയി നിലനിൽക്കുന്ന മരണമടഞ്ഞ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി |
|---|---|---|
| ഉണ്ണുണ്ണി ജോർജ് | 2220042642 | 19/12/19 |
| ഹാജിറാ ബീവി | 2220042774 | 18/01/20 |
| പി.കെ.രാഘവൻ പിള്ള | 2220332442 | 30/01/20 |
| ഈശോ മത്തായി | 2220303009 | 26/02/20 |
| റോസമ്മ | 2220042730 | 15/07/20 |

കൃഷി ഓഫീസുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിന് അറിയിക്കേണ്ടതുമാണ്.

## 1-39 കമ്മിറ്റി അംഗീകരിച്ച എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ അനുവദിച്ചിട്ടില്ല

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനുള്ളിൽ അപേക്ഷയിന്മേൽ തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി അർഹരായ ഗുണഭോക്താക്കളുടെ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാർ കമ്മിറ്റി അംഗീകരിച്ച് അപേക്ഷയിലെ വിവരങ്ങൾ സേവനയിൽ ഡേറ്റ എൻട്രി നടത്തി പ്രാദേശിക സർക്കാർ സെക്രട്ടറി/ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഡിജിറ്റലായി ഒപ്പ് വയ്ക്കുന്ന തീയതി മുതൽക്ക് മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. എന്നാൽ പെൻഷൻ ഡി.ബി.റ്റി രേഖകൾ പരിശോധിച്ചതിൽ കമ്മിറ്റി അംഗീകരിച്ച എല്ലാ ഗുണഭോക്താക്കളുടെയും വിവരങ്ങൾ സേവനയിൽ ഡേറ്റ എൻട്രി നടത്തി സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തിട്ടില്ല എന്ന് കാണുന്നു. ഉദാഹരണമായി 01/04/21 മുതൽ 31/03/22 വരെയുള്ള കാലയളവിലെ വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ എന്നിവ സംബന്ധിച്ച ഡി.ബി.റ്റി. രേഖകൾ പരിശോധിച്ചതിൽ കമ്മിറ്റി അംഗീകരിച്ച 377അപേക്ഷകളിൽ 335ഗുണഭോക്താക്കൾക്ക് മാത്രമാണ് നാളിതുവരെ പെൻഷൻ അനുവദിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പെൻഷൻ ഇനം | കമ്മിറ്റി തീയതി | തീരുമാനം നം | പരിഗണിച്ച അപേക്ഷകളുടെ എണ്ണം | അംഗീകരിച്ച അപേക്ഷകളുടെ എണ്ണം | എൻട്രി നടത്തിയ അപേക്ഷകളുടെ എണ്ണം | എൻട്രി നടത്തിയതിൽ അംഗീകരിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 31/12/2021 | 3(1) | 10 | 10 | 2 | 2 |
| | 29/10/2021 | 1(A) | 72 | 72 | 70 | 70 |
| | 07/09/2021 | 7(2) | 10 | 10 | 8 | 8 |
| | 13/07/2021 | 3(1) | 119 | 78 | 70 | 70 |
| | 20/05/2021 | 7(1) | 148 | 103 | 91 | 91 |

| | | | | | | |
|---|---|---|---|---|---|---|
| | 06/02/2021 | 5(1) | 71 | 59 | 57 | 57 |
| വിധവ പെൻഷൻ | 07/09/2021 | 7(2) | 15 | 15 | 14 | 14 |
| | 13/07/2021 | 3(1) | 21 | 18 | 14 | 14 |
| | 20/04/2021 | 7(1) | 4 | 4 | 3 | 3 |
| | 07/02/2022 | 5(2) | 8 | 8 | 6 | 6 |
| | | | | 377 | 335 | 335 |

ഗുണഭോക്താക്കളുടെ അപേക്ഷയിൻമേൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി അർഹമാണെന്ന് കാണുന്ന അപേക്ഷകളാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നത്. കമ്മിറ്റി അംഗീകരിച്ച എല്ലാ അപേക്ഷകർക്കും പെൻഷൻ അനുവദിക്കാതിരുന്ന സാഹചര്യവും ഈ അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (11/25.08.22) മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ ഭരണതലത്തിൽ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-40 എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് ഉപയോഗപ്പെടുത്തുന്നില്ല-5.6 ലക്ഷം രൂപയുടെ ചെലവ് പ്രയോജന രഹിതമായി

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് (തുമ്പൂർമൂഴി മോഡൽ) സ്ഥാപിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിലും മാലിന്യ സംസ്കരണത്തിന് നടപടി സ്വീകരിക്കാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കണ്ടില്ല. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഏനാത്ത് മാർക്കറ്റിൽ തുമ്പൂർമൂഴി സംവിധാനം ഒരുക്കൽ, 229/22 | | സ്കൂളുകൾക്ക് തുമ്പൂർമൂഴി മാലിന്യ സംസ്കരണം |
|---|---|---|---|
| പ്രോജക്ട് അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-135000 | ശുചിത്വമിഷൻ ഫണ്ട്-315000 | ശുചിത്വമിഷൻ ഫണ്ട്-500000 |
| ചെലവ് | 135000 | 208420 | 217456 |

ഏനാത്ത് മാർക്കറ്റിലും ഗവ.എൽ.പി.എസ്. ഏഴംകുളം, ഗവ.വി.എച്ച്.എസ്.ഇ. നെടുമൺ എന്നീ സ്കൂളുകളിലും തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.റ്റി.സി. മുണ്ടൂർ എന്ന സ്ഥാപനവുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എഗ്രിമെന്റ് പ്രകാരം സ്ഥാപനം നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും മാലിന്യ സംസ്കരണത്തിന് എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് ഉപയോഗപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടില്ല. മാർക്കറ്റിലെ പഴം, പച്ചക്കറി, ജൈവാവശിഷ്ടങ്ങൾ എന്നിവ സൂക്ഷ്മാണുവായ ഇനോക്കുലം ചേർത്ത് തുമ്പൂർമൂഴി അഴിക്കൂടുകളിൽ നിക്ഷേപിക്കുകയാണ് ചെയ്യേണ്ടത്. യൂണിറ്റ് സ്ഥാപിച്ചതോടൊപ്പം സ്ഥാപനം ലഭ്യമാക്കിയ ഇനോക്കുലം ഉപയോഗപ്പെടുത്താതെ ചാക്കുകളിൽ സൂക്ഷിച്ചിരിക്കുകയാണ്. യൂണിറ്റ് പ്രവർത്തനക്ഷമമാക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 5,60,876രൂപ പ്രയോജന രഹിതമായി. ശാസ്ത്രീയ ജൈവമാലിന്യ സംസ്കരണം ലക്ഷ്യമിട്ട് സ്ഥാപിച്ച സ്ഥാപിച്ച എയ്റോബിക് കംപോസ്റ്റിംഗ് യൂണിറ്റുകൾ പ്രവർത്തനക്ഷമാമാക്കുവാൻ ഭരണതലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 249906 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 249906 |
| | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 |
| | 79782 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 79782 |
| ജില്ലാ പഞ്ചായത്ത് | 1720000 | ലൈഫ് ഭവന പദ്ധതി (S C) | 1720000 |
| | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 105541 |
| | 498854 | സാന്ത്വനം, പാലിയേറ്റിവ് പ്രൊജക്ട് | 498854 |
| | 540618 | ഏനാത്ത് മാർക്കറ്റ് നവീകരണം | 540618 |
| | 107576 | നെൽക്കൃഷി വികസനം | 107576 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 301/22- വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ഫെയ്സ് Ii | 1174881 | 0 | 1174881 |
| | 139/22- വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1492000 | 0 | 1492000 |
| | 299/22- വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ഫെയ്സ് I | 2304532 | 0 | 2304532 |
| | ഏനാത്ത് മാർക്കറ്റിൽ വാട്ടർ കണക്ഷൻ പുന:സ്ഥാപിക്കൽ | 108000 | 0 | 108000 |
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിലെ കുഴൽ കിണർ അറ്റകുറ്റപ്പണിക്ക് ഭൂജല വകുപ്പിന് തുക നൽകൽ | 15500 | 0 | 15500 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ/ പുതിയ പോസ്റ്റ് സ്ഥാപിക്കൽ | 340442 | 0 | 340442 |
| KSEB | 145/22-സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 1863402 | 0 | 1863402 |
| KSEB | 285/22-വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ ഫെയ്സ് Ii | 727676 | 0 | 727626 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ വിവരം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 22.09.2018ലെ PAN/22565 /2018-J2(DD) | 13528356 | 10756944 | 1672000 | 9084944 |

## 4-5 സ്ഥിരനിക്ഷേപം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | Dist.Co-operative Bank, Ezhamkulam | 15.05.21 | 1 വർഷം | 11529000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 146433270 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 112991945 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| വർഷം | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി.10/443/2013 തീയതി 01-10-13/04-09-14 | 1 (3-3) |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.10/445/2013 തീയതി 11.10.13/04.12.2014 | 5 (3-4, 3-10, 3-12, 3-13(1), 3-17) |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.10/1061/14 തീയതി 09-02-15 | 4 (2-8, 3-2, 3-5, 3-6) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി10/979/2017 തീയതി 11.09.2017 | 3 (2-2, 2-6, 3-1) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി10/1573/18 തീയതി 07.01.2019 | 12 (2-2, 2-3, 2-4, 2-5, 3-1, 3-5, 3-10, 3-11, 3-22, 3-26, 3-32, 3-35) |
| 2018-2019 | കെ.എസ്.എ.പി.റ്റി.എ.പി10/932/2019 തീയതി 05.12.2019 | 31 (1-12, 1-14, 1-16 മുതൽ 1-39 വരെ, 1-41 മുതൽ 1-43 വരെ, 1-45, 1-47) |
| 2019-2020 | കെ.എസ്.എ.പി.റ്റി.എ.പി 10/667/21 തീയതി 26.10.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി 10/668/21 തീയതി 02-11-2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്